# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 98

28.01.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

## പൊതു-സ്വകാര്യ സ്വത്തുക്കൾ നശിപ്പിക്കുന്നവർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയിലെ യുവതീ പ്രവേശത്തിൽ പ്രതിഷേധിച്ച് നടത്തിയ ഹർത്താലിലും 2019 ജനുവരി 8,9 തീയതികളിലെ ദേശീയ പണിമുടക്കിലും പൊതു-സ്വകാര്യ സ്വത്തുവകകൾ വ്യാപകമായി നശിപ്പിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ശബരിമലയിലെ യുവതി പ്രവേശത്തിൽ പ്രതിഷേധിച്ച് നടത്തിയ ഹർത്താലിൽ വ്യാപകമായി പൊതു-സ്വകാര്യ സ്വത്തുവകകൾ നശിപ്പിച്ചിട്ടുണ്ട്. എന്നാൽ 8,9 തീയതികളിലെ പണിമുടക്കിൽ വ്യാപകമായ സംഭവങ്ങൾ ഉണ്ടായിട്ടില്ല. |
| (ബി) ഹർത്താലും പ്രക്ഷോഭങ്ങളും നടത്തുമ്പോൾ സ്വകാര്യ സ്വത്തുക്കൾക്ക് നാശം വരുത്തുന്നവർക്ക് കഠിനശിക്ഷ വ്യവസ്ഥചെയ്യുന്ന നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇക്കാര്യത്തിൽ 'കേരള സ്വകാര്യമുതൽ നശിപ്പിക്കുന്നത് തടയലും നഷ്ടപരിഹാരം നൽകലും ഓർഡിനൻസ് 2019' പുറപ്പെടുവിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഇതുസംബന്ധിച്ച ഓർഡിനൻസിന് എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്; | (സി) 08.01.2019 മുതൽ |
| (ഡി) 2019 ജനുവരി 8,9 തീയതികളിലെ അഖിലേന്ത്യാ പണിമുടക്കിന്റെ ഭാഗമായി സ്വകാര്യ സ്വത്തുവകകൾക്ക് നാശനഷ്ടം വരുത്തിയവർക്കെതിരെ ഈ ഓർഡിനൻസ് പ്രകാരം കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (ഡി) കാസർഗോഡ് ജില്ലയിൽ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**